# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# സുന്ദരനായ വിഡ്ഢിരാജാവ്


എഴുതിയത്: Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത്: Rev. Benny
തർജ്ജിമ ചെയ്തത്: Lyn Doerksen


കഥ 18-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

ഇസ്രായേലിന്റെ ന്യായാധിപനും നേതാവുമായ ശമൂവേൽ വൃദ്ധനായി. ദൈവവേലയിൽ തന്റെ സ്ഥാനം ഏറ്റെടുക്കുവാൻ തന്റെ പുത്രന്മാരെ അവൻ ന്യായാധിപന്മാരാക്കി. എന്നാൽ ശമൂവേലിന്റെ പുത്രന്മാർ ദുഷ്ടന്മാരായിരുന്നു.



അവർ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി അന്യായം ചെയ്തു.

1

ഈ പുത്രന്മാരുടെ ദുഷ്ടത നിമിത്തം ഇസ്രായേൽ ജനം കഷ്ടത്തിലായി. കോടതിയിൽനിന്ന് നീതി ലഭിക്കാതെയായി.



2


എന്തെങ്കിലും സഹായം വേണമെങ്കിൽ ഓരോ തവണയും ശമൂവേലിന്റെ പുത്രന്മാർക്ക് കൈക്കൂലി കൊടുക്കേണ്ടതായി വന്നു.
3


എന്തെങ്കിലും പരിഹാരം ചെയ്തെങ്കിലേ മതിയാകയുള്ളായിരുന്നു. ഒരു ദിവസം ഇസ്രായേലിലെ മൂപ്പന്മാരെല്ലാവരും ശമൂവേലിന്റെ അടുത്തുവന്ന് സഹായം ചോദിച്ചു.
4


‘‘ഞങ്ങളെ ഭരിക്കേണ്ടതിന് ഒരു രാജാവിനെ തരിക’’ എന്ന് മൂപ്പന്മാർ ആവശ്യപ്പെട്ടു. ശമൂവേലിന്റെ ദുഷ്ടന്മാരായ പുത്രന്മാർ അവരെ ഭരിക്കുന്നതിന് അവർ ഇഷ്ടപ്പെട്ടില്ല. അവരുടെ ചുറ്റുപാടുമുള്ള ജാതികൾക്കുണ്ടായിരുന്നതുപോലെ അവർക്കും ഒരു രാജാവിനെ വേണമെന്ന് പറഞ്ഞു.
5


ശമൂവേൽ കോപിച്ചു. അവർക്ക് ഒരു രാജാവ് ഉണ്ടല്ലോ! ഇസ്രായേലിനെ ഭരിച്ച സർവ്വശക്തനും നിത്യനുമായവൻ.
6


വളരെക്കാലം മുമ്പ് അവരെ മിസ്രയിമീൽനിന്ന് വിടുവിച്ച് രക്ഷപ്പെടുവാൻ ചെങ്കടലിലൂടെ വഴി തുറന്നുകൊടുത്തതാണവൻ.
7


എന്നിട്ട് ഇസ്രായേലിന് മനോഹരമായ ദേശം കൊടുത്തതാണ്.
8


ശമൂവേൽ പ്രാർത്ഥിച്ചപ്പോൾ യഹോവ അരുളിച്ചെയ്തു, ‘‘അവരുടെ അപേക്ഷപ്രകാരം അവർക്ക് ഒരു രാജാവിനെ കൊടുക്കുക. അവൻ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാണ് ത്യജിച്ചിരിക്കുന്നത്.’’
9


ഭൂമിയിലെ അവരുടെ രാജാവ് നികുതിയായി അവരുടെ പണം എടുക്കും, അവരെ തന്റെ വയലുകളിലും മുന്തിരിത്തോപ്പുകളിലും വേലക്കാരായി നിയമിക്കും, പുത്രന്മാരെ സൈന്യത്തിലേക്ക് എടുക്കും, ...
10


... പുത്രിമാരെ അടുക്കളപ്പണിക്കുവേണ്ടി കൊണ്ടുപോകും എന്നിങ്ങനെ അവർക്ക് മുന്നറിയിപ്പു കൊടുക്കുവാൻ ദൈവം ശമൂവേലിനോട് പറഞ്ഞു.
11


രാജാവിന്റെ മുന്തിരിത്തോപ്പ്
പ്രവേശനമില്ല
പക്ഷേ, എന്തായാലും ജനങ്ങൾക്ക് ഒരു രാജാവിനെ കൂടിയേ തീരൂ.
12


വളരെ സുന്ദരനും എന്നാൽ ലജ്ജാശീലനും നല്ല ഉയരവുമുള്ള ഒരു യുവാവിനെ ദൈവം ശമൂവേലിന് കാട്ടിക്കൊടുത്തു. അദ്ദേഹം എല്ലാവരെക്കാളും തോൾമുതൽ പൊക്കമേറിയവൻ ആയിരുന്നു. യഹോവ ശമൂവേലിനോട് അരുളിച്ചെയ്തു: ‘‘ഇവൻ എന്റെ ജനത്തെ ഭരിക്കും.’’
13


ശമൂവേൽ ദൈവത്തെ അനുസരിച്ചുകൊണ്ട് ശൗലിനെ ഇസ്രായേലിന്റെ രാജാവാക്കി അഭിഷേകം ചെയ്തു. ശമൂവേൽ അദ്ദേഹത്തെ ഇസ്രായേൽ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചപ്പോൾ, ‘‘രാജാവ് നീണാൾ വാഴട്ടെ’’ എന്ന് ജനങ്ങൾ ആർത്തുവിളിച്ചു.
14

ഉടൻതന്നെ ശൗൽ രാജാവിന് വെല്ലുവിളി നേരിടേണ്ടിവന്നു. ഇസ്രായേലിനെ വെറുത്ത അമ്മോന്യർ ഒരു പട്ടണത്തിനുനേരെ പാളയമിറങ്ങി. അവിടെയുള്ള ഓരോ മനുഷ്യന്റെയും വലങ്കണ്ണ് ചൂഴ്ന്നെടുക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി.



15

എന്തൊരു ക്രൂരമായ പദ്ധതി. ഈ ഭീഷണിയുടെ വാർത്ത ശൗലിന്റെയടുത്ത് എത്തി. അവൻ സൈന്യത്തെ തയ്യാറാക്കി.



16



ഇരു സൈന്യവും തമ്മിൽ ഏറ്റുമുട്ടി. ശൗൽ അമ്മോന്യരെ നശിപ്പിച്ചിട്ട് പട്ടണത്തെ രക്ഷപെടുത്തി. ശൗൽരാജാവ് ദൈവത്തിന് മഹത്വംകൊടുത്തുകൊണ്ട് പറഞ്ഞു: ‘‘...ഇന്നു യഹോവ ഇസ്രായേലിന് രക്ഷവരുത്തിയിരിക്കുന്നു.’’

17

അന്ന് ദൈവം ശൗലിന് വലിയ വിജയം കൊടുത്തു. എന്നാൽ ശൗൽ എപ്പോഴും ദൈവത്തിന് മഹത്വം കൊടുത്തില്ല. ഒരു ദിവസം ഫെലിസ്ത്യരോട് യുദ്ധം ചെയ്യുന്നതിനുമുമ്പേ ശൗൽ ദൈവത്തിന് യാഗം അർപ്പിച്ചു.



18

എന്നാൽ യാഗമർപ്പിക്കേണ്ടത് ശമൂവേലിന്റെ ജോലിയായിരുന്നുവെന്ന് അവനറിയാമായിരുന്നു. ശമൂവേൽ വരുന്നതുവരെ അവൻ സഹിഷ്ണുതയോടെ കാത്തിരിക്കണമെന്നാണ് ദൈവേഷ്ടം എന്ന് അവനറിയാമായിരുന്നു. എന്നാൽ ശൗൽ ദൈവത്തോട് അനുസരണക്കേടു കാട്ടി.



19

ഒടുവിൽ ശമൂവേൽ വന്നപ്പോൾ, അദ്ദേഹം ശൗലിനോട് പറഞ്ഞു: ‘‘നീ ചെയ്തത് ഭോഷത്തം. നിന്റെ ദൈവമായ യഹോവയുടെ കല്പന നീ പ്രമാണിച്ചില്ല. ഇപ്പോഴോ നിന്റെ രാജത്വം നിലനില്ക്കയില്ല.’’



20













സുന്ദരനായ വിഡ്ഢിരാജാവ്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 ശമൂവേൽ 8–16

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു. പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കേണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.